സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

Travancore Devaswom Board Officers' and Servants' Service Rules 2022 – വാച്ചർ തസ്തികയിലേക്കുള്ള by transfer നിയമനത്തിന് തളി വിഭാഗത്തെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 7373/22//Est-1** നന്തൻകോട്, **16/02/2023**

---

പരാമർശം :- 1) ദേവസ്വം കമ്മീഷണറുടെ 18-11-2022 ലെ ROC14487/22/Est-A നമ്പർ റിപ്പോർട്ട്.
2) അസിസ്റ്റന്റ് ലാ ആഫീസറുടെ 21-01-2023 ലെ റിമാർക്സ്.

## ഉത്തരവ്

Travancore Devaswom Board Officers' and Servants' Service Rules 2022 ൽ തളി തസ്തികയിലുള്ളവർക്കൊഴികെ മറ്റ് ക്ഷേത്ര ജീവനക്കാരിലെ പുരുഷ ജീവനക്കാർക്ക് വാച്ചർ തസ്തികയിലേക്ക് by transfer നിയമനത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണെന്നും തളി ലാവണത്തിലെ പുരുഷ ജീവനക്കാർക്കും വാച്ചർ തസ്തികയിലേക്ക് by transfer നിയമനം അനുവദിക്കണമെന്നും വിവരിച്ച് തളി തസ്തികയിലെ ജീവനക്കാരുടെ അപേക്ഷ ലഭിച്ചുവെന്നും ടി അപേക്ഷയിലെ ആവശ്യം പരിശോധിക്കേണ്ടതും അപേക്ഷയിന്മേൽ തീരുമാനം ഉണ്ടാകേണ്ടതാണെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -1).

ഇക്കാര്യത്തിൽ നിയമ വിഭാഗത്തിന്റെ റിമാർക്ക്സ് ലഭ്യമാക്കിയതിൽ അപേക്ഷകരുടെ ആവശ്യം പരിഗണിക്കപ്പെടേണ്ടതും ടി ആവശ്യം അംഗീകരിക്കുന്നപക്ഷം സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണെന്നും അസിസ്റ്റന്റ് ലാ ആഫീസർ അഭിപ്രായപ്പെട്ടു (പരാമർശം -2).

ടി വിഷയം ബോർഡ് പരിശോധിച്ചു.

വാച്ചർ തസ്തികയിലേക്കുള്ള by transfer നിയമനത്തിന് തളി വിഭാഗത്തെ കൂടി ഉൾപ്പെടുത്തുന്നതിനും Travancore Devaswom Board Officers' and Servants' Service Rules 2022 ൽ മേൽപ്രകാരമുള്ള ഭേദഗതി

(മറുപുറം)

വരുത്തി കരട് വിജ്ഞാപനം തയ്യാറാക്കുന്നതിന് നിയമ വിഭാഗത്തെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി, 'സി' സെക്ഷൻ
(ഇൻ അഡീഷണൽ ചാർജ്ജ്)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ലാ ആഫീസർ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

IT Division

**SK**